# ചെറിയ ഒപ്പീസ്

കാർമ്മികൻ തിരുവസ്ത്രങ്ങളണിഞ്ഞ് ഹൈക്കലായിൽ,
കാറാപ്പു വിരിച്ചിരിക്കുന്നതിന്റെ തലയ്ക്കൽ
ജനങ്ങളുടെ നേരെ തിരിഞ്ഞു നിൽക്കുന്നു.

**ശുശ്രൂ:** മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം: നമുക്ക് സമാധാനം.

**കാർമ്മി:** കരുണയുള്ള കർത്താവേ, കരയുന്നവർ നിന്നെ വിളിക്കയും സങ്കടപ്പെടുന്നവർ നിന്നെ ആശ്രയിക്കുകയും ചെയ്യുന്നു. നിന്റെ വാഗ്ദാനങ്ങളുടെ പ്രതീക്ഷയാൽ നിന്റെ ദാസനെ ആശ്വസിപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ

## ഗാനം

(മൽക്കാമിശിഹാ)

**എന്റെ കർത്താവേ, നിന്നെ ഞാൻ പ്രകീർത്തിക്കും.**

മഹിമയൊടന്തിമ വിധിനാളിൽ
കർത്താവേ, നീയണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ

**കർത്താവേ നിന്നെ ഞാൻ ആശ്രയിച്ചു.**

കർത്താവേ, നിൻ കുരിശിനെ ഞാ–
നാരാധിച്ചു വണങ്ങുന്നു
അതുതാൻ ഞങ്ങൾക്കുത്ഥാനം
രക്ഷയുമുയിരും നൽകുന്നു.

**ആകാശവും ഭൂമിയും നിന്റേതാകുന്നു.**

ആകാശവുമീഭൂതലവും
താവകമല്ലോ കർത്താവേ,
ജീവിക്കുന്നവനഭയം നീ
നൽകണമേ, മൃതനായുസ്സും.

**അവരാനന്ദകീർത്തനങ്ങൾ പാടും.**

മൃതരാം നരരുടെ പാപങ്ങൾ
മായ്ക്കണമേ നിൻ കൃപയാലേ:
മാമ്മോദീസാ വഴിയങ്ങേ
സുതരാണവരെന്നോർക്കണമേ.

**അവന്റെ സന്തോഷത്തിലവരാനന്ദിക്കും.**

കർത്താവേ, നിൻ ശോണിതവും
ദിവ്യശരീരവുമറിവോടെ
ഉൾക്കൊ    വരാം നിൻ സുതരേ
നിത്യവിരുന്നിൽച്ചേർക്കണമേ

**അവരിലാരും അവശേഷിച്ചില്ല.**

മഴപെയ്യുമ്പോൾ വയലുകളിൽ
വിത്തുകൾ പൊട്ടിമുളയ്ക്കുന്നു:
കാഹളനാദം കേൾക്കുമ്പോൾ
മൃതരിൽ ജീവനുദിക്കുന്നു.

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

ബാവാപുത്രൻ റൂഹായേ,

മൃതനാമെന്നിൽ കനിയേണം:
ജീവൻ നൽകി മഹോന്നതമാം
പ്രഭയുടെ നാട്ടിൽച്ചേർക്കേണം

**ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.**

തെളിവായെന്നുടെ നാഥാ, നിൻ
തിരുമിഴിയെല്ലാം കാണുന്നു:
നിരവധിയാമെൻ പാപങ്ങൾ
നിരയായെണ്ണി വിധിക്കല്ലേ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം

**കാർമ്മി:** കർത്താവേ, നിന്റെ കരുണ ഞങ്ങളെ അനുഗമിക്കുകയും നിന്റെ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യുമാറാകട്ടെ. മഹനീയമായ നിന്റെ ത്രിത്വത്തിന്റെ അനുഗ്രഹം ഞങ്ങളെ സഹായിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, നീ ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാകുന്നു. ഞങ്ങളുടെ ജീവന്റെ കാരണവും ആത്മാവിന്റെ പ്രത്യാശയും നീയാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ

## പ്രബോധനഗാനം

കുർബാന കഴിഞ്ഞയുടനെയാണെങ്കിൽ

(കമ്പെൽ മാറൻ.....)

**കാർമ്മി :** കൈക്കൊള്ളണമേ, ഹൃദയംഗമമാം
വിശ്വാസമൊടേ ദാസൻ ചെയ്യും
ബലിയെൻ നാഥാ, തിരുസ്സന്നിധിയിൽ

**സമൂ:** കൈക്കൊള്ളണമേ...

**കാർമ്മി:** പൂർവ്വൻമാരാം നോഹ് അബറാഹം
ഇസഹാക്ക് യാക്കോബ് മഹിതാശയർതൻ
പരിപാവനമാം ബലികൾപോലെ.

**സമൂ:** കൈക്കൊള്ളണമേ...

**കാർമ്മി :** പുരുവൽസലരാം ശ്ലീഹരുമൊരുപോൽ
വിനയാന്വിതരായ് തവസന്നിധിയിൽ
ചെയ്തൊരു നവമാം ബലിപോൽ നാഥാ.

**സമൂ:** കൈക്കൊള്ളണമേ...

## മറ്റവസരങ്ങളിൽ

(ലാതെക്റേലാക്)

**കാർമ്മി:** ഉന്നതനൃപനാം മിശിഹാനാഥാ, മൃതരെല്ലാരും
മിന്നിവിളങ്ങും വദനമൊടുണരാൻ വരമരുളേണം.

**സമൂ:** ഉന്നതനൃപനാം...

**കാർമ്മി:** വിധിയുടെ നാളിൽ വിജയപ്രഭയിൽ വി ലമെങ്ങും
പൊങ്ങിമുഴങ്ങും കാഹളനാദം പൂജിതമല്ലോ.

**സമൂ:** ഉന്നതനൃപനാം....

**കാർമ്മി:** അന്ത്യമെഴാത്തോരവികലമോദം നുകരാൻ മൃതരെ
മഹിമാവൊഴുകും മണവറയിങ്കൽ ചേർക്കണമീശോ

**സമൂ:** ഉന്നതനൃപനാം

**ശുശ്രൂ:** അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

(സമൂഹം ര ു ഗണമായി തുടരുന്നു.) (സങ്കീ. 129)

അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു:

കർത്താവേ, എന്റെ ശബ്ദം കേൾക്കണമേ:

എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ.

കർത്താവേ, നീ പാപങ്ങളെല്ലാം ഓർത്തിരിക്കുമെങ്കിൽ ആർക്കു രക്ഷയു ാകും?

എന്തുകൊ ന്നാൽ, പാപമോചനം നിന്റെ പക്കൽനിന്നാകുന്നുവല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു.

എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ, കർത്താവേ, നിന്നെ ഞാൻ കാത്തിരിക്കുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.

എന്തുകൊ ന്നാൽ അവൻ കരുണയുള്ളവനാകുന്നു.

പൂർണ്ണമായ രക്ഷയും അവന്റെ പക്കലാകുന്നു:

ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽ നിന്നെല്ലാം അവൻ രക്ഷിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ

**ശുശ്രൂ:** അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം: നമുക്ക് സമാധാനം.

**കാർമ്മി:** സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ, ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ നിന്റെ ദാസനെ (ദാസിയെ) വിളിക്കയും നിന്റെ വലത്തുഭാഗത്ത് നിറുത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും കരുണനിറഞ്ഞവനും നീതിമാനുമായ വിധികർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ മഹിമയോടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ,

**സമൂ:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

**കാർമ്മി:** സകലത്തിന്റെയും നാഥനും ദൈവവുമായ മിശിഹായേ, നിന്റെ കുരിശിന്റെ അടയാളത്തോടും ദൈവദൂതൻമാരുടെ അകമ്പടിയോടും കൂടെ വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാവുകയും സ്വർഗ്ഗരാജ്യത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും, മരിച്ചവർ അക്ഷയരായി കബറിടങ്ങളിൽ നിന്നുയിർക്കുകയും, ദുഷ്ടജനങ്ങൾ നീതിമാൻമാരിൽ നിന്നു വേർതിരിക്കപ്പെടുകയും ചെയ്യുന്ന ഭയാനകമായ വിധിദിവസത്തിൽ, നിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കായി ലോകാരംഭത്തിൽത്തന്നെ സജ്ജമാക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തിലേക്ക് ഞങ്ങളുടെ ഈ സഹോദരനെ (സഹോദരിയെ) നീ സ്വീകരിക്കണമേ. ഞങ്ങളിലും ഞങ്ങളുടെ സമൂഹത്തിലും നിന്റെ കൃപയും അനുഗ്രഹവും നിരന്തരം വസിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ